"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - "മൂന്നാം മൈൽ പെരിയ റോഡിൽ കൊടവലം പാലം(പുല്ലൂർ പെരിയ പഞ്ചായത്ത്) " നിർമ്മാണം-ഭരണാനുമതി-പ്രാബല്യം നീട്ടി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.51/2024/LSGD തീയതി,തിരുവനന്തപുരം, 27-04-2024

പരാമർശം:-

1. 04.11.2020 തീയതിയിലെ സ.ഉ.(കൈ)നം.170/2020/തസ്വഭവ.
2. 10.11.2021 തീയതിയിലെ സ.ഉ.(സാധാ)നം.2245/2021/തസ്വഭവ.
3. 16.12.2020 തീയതിയിലെ സ.ഉ(സാധാ) നം.2319/202/തസ്വഭവ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.2024 ലെ നമ്പർ.LSGD/PD/250/2024-DB7 കത്ത്.
5. ബഹു. ഉദുമ എം.എൽ.എ അഡ്വ.ശ്രീ.സി.എച്ച്. കുഞ്ഞമ്പു അവർകളുടെ 01.02.2024 ലെ കത്ത്.

**ഉത്തരവ്**

5054-80-800-66 എന്ന ശീർഷകത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി വകയിരുത്തിയിരുന്ന 208.04 കോടി രൂപ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ 492 പ്രവൃത്തികൾക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം ടി പ്രവൃത്തികൾക്കായി നിർദ്ദേശിച്ചിരുന്ന 5054-80-800-66 എന്ന ശീർഷകം പരിഷ്കരിച്ച് പ്രസ്തുത പ്രവൃത്തികളിൽ ഗ്രാമ പ്രദ്ദേശവുമായി ബന്ധപ്പെട്ടവയുടെ ചെലവ് 4515-00-800-92 Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും കോർപ്പറേഷൻ, മുനിസിപ്പൽ പ്രദ്ദേശങ്ങളിൽ പ്രവൃത്തികളുടെ ചെലവ് 4217-60-051-94- NP-V-Works Included in Appendix II to the Detailed Budget Estimate (Details of Public Works)എന്ന ശീർഷകത്തിൽ നിന്നും ചെലഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പരാമർശം (3) പ്രകാരം ടി പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗ്രാമ പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും കോർപ്പറേഷൻ മുനിസിപ്പൽ പ്രദ്ദേശങ്ങളിൽ അതത് എഞ്ചിനീയറിംഗ് വിഭാഗത്തിനും നൽകി കൊണ്ടും, ടി പ്രവൃത്തികളുടെ ബിൽ/വൗച്ചറുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു.

പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലയിലെ "മൂന്നാം മൈൽ പെരിയ റോഡിൽ കൊടവലം പാലം (പുല്ലൂർ പെരിയ പഞ്ചായത്ത്)" നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്കായി Soil investigation, Structural design, scrutiny report എന്നിവ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി ഭരണാനുമതി കാലാവധിക്കുള്ളിൽ സാങ്കേതികാനുമതി ലഭ്യമാക്കി കരാറിൽ ഏർപ്പെടാൻ സാധിച്ചില്ലെന്നും ഭരണാനുമതിയുടെ കാലാവധി 04.11.2023 ൽ അവസാനിച്ചതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതിയുടെ പ്രാബല്യം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ബഹു. ഉദുമ എം.എൽ.എ അഡ്വ.ശ്രീ.സി.എച്ച്. കുഞ്ഞമ്പു അവർകൾ എന്നിവർ യഥാക്രമം പരാമർശം (4), (5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം

അവസാനിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവൂ എന്ന നിബന്ധനയോടെ പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലയിലെ "മൂന്നാം മൈൽ പെരിയ റോഡിൽ കൊടവലം പാലം (പുല്ലൂർ പെരിയ പഞ്ചായത്ത്)" നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് നൽകിയ 3 കോടി രൂപയുടെ ഭരണാനുമതിയുടെ പ്രാബല്യം നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
സെക്ഷൻ ഓഫീസർ
Date: 29-04-2024 11:59:53